LIBRARY ARCHIVES Kerala Legislative Assembly

അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മാണം

144 (4947) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ വഴുവാടിക്കടവിൽ അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും കടവ് നവീകരണത്തിനുമായി 20 ലക്ഷം രൂപയും കരിമ്പിൻകാവ് പ്രദേശത്ത് അച്ചൻകോവിലാറിന്റെ തെക്ക് ഭാഗം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത രണ്ടു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ.-ലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) എം.എൽ.എ. നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത കത്തിന്മേൽ മാവേലിക്കര മണ്ഡലത്തിലെ വാഴുവാടിക്കടവിൽ അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും, കടവു നവീകരണത്തിനുമായി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 25-3-2013-ൽ ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ജില്ലാ കളക്ടർ ആലപ്പുഴയുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

കരിമ്പിൻകാവ് പ്രദേശത്ത് അച്ചൻകോവിലാറിന്റെ തെക്ക് ഭാഗം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം സാമ്പത്തികാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി&ഇ) കരിമ്പിൻകാവ് പ്രദേശത്തെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2014 പ്രകാരം, ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിച്ചാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമ്പത്തികാനുമതിനൽകി പ്രവൃത്തി നടപ്പാക്കാവുന്നതാണ്.

എടവണ്ണ റെഗുലേറ്റർ-കം-ബ്രിഡ്ജ്

145 (4948) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ പള്ളപ്പാറ പന്നിമുക്ക് എന്ന സ്ഥലത്ത് ചാലിയാറിന് കുറുകെ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇല്ലെങ്കിൽ ഭരണാനുമതി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരമുള്ള സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ മെക്കാനിക്കൽ പ്രവൃത്തികളുടെ ഡിസൈനും എസ്റ്റിമേറ്റും കിട്ടേണ്ടതുണ്ട്. ആയത് മെക്കാനിക്കൽ ചീഫ് എഞ്ചിനീയറിൽനിന്ന് ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കടലാക്രമണ ഭീഷണി

146 (4949) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ കടലാക്രമണ ഭീഷണി നേരിടുന്ന വലിയ പറമ്പ് ബീച്ച് പഞ്ചായത്തിൽ കരകെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly